നമ്പർ ഇഇ(2) 281/2012.

# കേരള സർക്കാർ
## കൃഷി വകുപ്പ്

### ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് **ഉത്തര മേഖല** കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ, താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത്/ ജലവിഭവ വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും **മത്സര** സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ **ക്ഷണിച്ചുകൊള്ളുന്നു.** ദർഘാസ്സുകൾ **18.09.2012**ന് പകൽ മുന്നുമണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം **3.30** മണിയ്ക്ക് എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതുഒഴിവ് പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം രൂ. | ദർഘാസ് പ്രമാണ ത്തിന്റെ വില രൂപ. | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|---|
| 1. | ഇഇ(2) 281/12. | **തൃശ്ശൂർ ജില്ലിയിലെ ചേലക്കര ജില്ലാ കൃഷി ഫാമിൽ പഴ സംസ്കരണ ശാലയ്ക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം.** തുക 42,96,000/-രൂപ | 50,000/- രൂപ. | 6400 + വി. നികുതി | 12 മാസം |
| 2. | ഇഇ(2) 281/12(1) | **തൃശ്ശൂർ ജില്ലിയിലെ ചേലക്കര ജില്ലാ കൃഷി ഫാമിൽ പഴ സംസ്കരണ യൂണിറ്റിന് ചുറ്റുമതിൽ, വേലി നിർമ്മാണം.** തുക 3,50,000/-രൂപ | 8,750/- രൂപ. | 700 + വി. നികുതി | 3 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 18.09.2012 ഉച്ചയ്ക്ക് 1 മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ വില പണമായി അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും എക്സിക്യൂട്ടിവ് എഞ്ചിനീയർ(കൃഷി) കോഴിക്കോടിന്റെ പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് ഏണസ്റ്റ് മണി ഡെപ്പോസിറ്റായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുമ്പോൾ 100 രൂപ മുദ്രപത്രത്തിൽ ഒരു പ്രിലിമിനറി എഗ്രിമെന്റ് കൂടി വെക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഇതിനും ബാധകമാണ്.

**എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി)**
**കേരളാ ഗവർണ്ണർക്കു വേണ്ടി.**

**കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ,**
**റീജിനൽ ഓഫിസ്, പുതിയറ. പി.ഒ.,**
**കോഴിക്കോട്-4.** തീയതി: 17-07-2012.